പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:795 28.09.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ നടപടികൾ

ചോദ്യം ഉത്തരം

ശ്രീ. വർക്കല കഹാർ
,, വി.റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, പി.എ. മാധവൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച കരാറിന്റെ കാലാവധി എന്നാണ് അവസാനിച്ചത്; | (എ) | 28.02.2011-ൽ കരാർ കാലാവധി അവസാനിച്ചു. |
| (ബി) | കാലാവധി കഴിഞ്ഞശേഷം മുൻ ഗവൺമെന്റിന്റെ കാലത്ത് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയായിട്ടാണ് ചർച്ചകൾ നടത്തിയത്; | (ബി) | ചർച്ചകൾ നടത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത തൊഴിലാളി സംഘടനകളായ KSRTEA, TDF എന്നിവരുമായി 16.02.2011-ൽ ഗതാഗതവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും 21.02.2011, 01.03.2011 എന്നീ തീയതികളിൽ മാനേജിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിലും ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (സി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ശമ്പളപരിഷ്ക്കരണ ചർച്ചകൾ പുനഃരാരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ശമ്പള പരിഷ്ക്കരണ ചർച്ചകൾ പുനഃരാരംഭിച്ചിട്ടില്ല. ഇക്കാര്യം പരിഗണനയിലുണ്ട്. |
| (ഡി) | ശമ്പള പരിഷ്ക്കരണ നടപടികൾ എന്നത്തേക്ക് ആരംഭിച്ച് പൂർത്തിയാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ചർച്ചകൾ പുരോഗമിക്കുന്ന മുറയ്ക്ക് മാത്രമേ പൂർത്തിയാകുന്ന സമയം വെളിപ്പെടുത്തുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ